

# ഗാന്ധി

## വി. മധുസൂദനൻ നായർ

കഴിഞ്ഞ ദശകങ്ങളിൽ കാവ്യാസ്വാദകരുടെ ഏതു തുറയിലും പ്രിയമായിത്തീർന്ന് ഒരു തരംഗംതന്നെ സൃഷ്ടിച്ച 'നാറാണത്തു ഭ്രാന്തനിൽ'നിന്ന് ഏറെദൂരം പോന്ന കവിയെയാണ് 'ഗാന്ധി'യിൽ നാം കാണുക. എങ്കിലും 'നാറാണത്തുഭ്രാന്തൻ' മുതൽ മധുസൂദനൻനായർ ശ്രദ്ധാപൂർവ്വം നെയ്തെടുത്ത ആ സവിശേഷ കാവ്യരീതിയുടെ പ്രസാദോജസ്സുകൾ ഈ സമാഹാരത്തിലെ കവിതകളിലും തുടരുന്നു. സ്വന്തം ആത്മാവിന്റെ വ്യഥിതാലാപനങ്ങളായി സമകാലിക ജീവിതത്തിന്റെ മദവിജൃംഭണങ്ങളെ നേരിടുകയാണ് ഈ കവിതകളോരോന്നും.

-പി. കെ. രാജശേഖരൻ

കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്
www.dcbooks.com
കവിത
ISBN 978-81-264-1853-4
E-book available
₹ 120

വി. മധുസൂദനൻ നായർ • ഗാന്ധി
ഡിസി ബുക്സ്

8M1 MAD/G
858

## വി. മധുസൂദനൻ നായർ



# ഗാന്ധി

8M1 MAD/G
CASMTVK
858



"തനിയെ നടന്നു നീ പോവുക, തളർന്നാലു-
മരുതേ പരാശ്രയവുമിളവും
അനുഗാമിയില്ലാത്ത പഥിക, തുടർന്നാലു-
മിടറാതെ നിൻ ധീരഗാനം..."

dcb



**വി. മധുസൂദനൻ നായർ**

1950 നവംബറിൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. മലയാളത്തിൽ എം.എ. ബിരുദം നേടിയശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കുങ്കുമം, കേരളദേശം, വീക്ഷണം എന്നിവിടങ്ങളിൽ ജോലി നോക്കി. തിരുവനന്തപുരം സെന്റ് സേവ്യേഴ്സ് കോളജിൽ മലയാള വിഭാഗം തലവനായിരുന്നു. *നാറാണത്തുഭ്രാന്തൻ, ഗാന്ധർവം, ഗാന്ധി* ഇവ കൃതികൾ. 1992-ലെ കവിതയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് *നാറാണത്തുഭ്രാന്തനായിരുന്നു*.

ഡീസീ ജന്മശതാബ്ദി
അവസാനിക്കാത്ത
ജീവിതത്തിന്റെ
ആദ്യത്തെ നൂറ് വർഷങ്ങൾ

858

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 858 Call No.

This book should be returned on or before the date last given below.

വി. മധുസൂദനൻ നായർ

# ഗാന്ധി

അവതാരിക
പി.കെ. രാജശേഖരൻ

ഡി സി ബുക്സ്

പ്രതിസ്പന്ദിച്ച പ്രാചീനമായ പാട്ടുപാരമ്പര്യത്തെയും പ്രതികൂലമനോഭാവത്തോടെയാണ് ആധുനികതയുടെ സന്ദേശഹരന്മാർ നോക്കിക്കണ്ടത്. എന്നാൽ ചലച്ചിത്രഗാനങ്ങൾ പാഴ്പ്പറമ്പാക്കിയ സാധാരണക്കാരുടെ കേഴ്വിയിടങ്ങളിൽ കവിതയുടെ മധുഗാനം കേൾപ്പിക്കാൻ മധുസുദനൻ നായർക്കു കഴിഞ്ഞു. കാവ്യാലാപനത്തിന്റെ വ്യവസ്ഥാപിതരീതിയെ സംഗീതവും ഛന്ദോബദ്ധതയുംകൊണ്ട് അട്ടിമറിക്കുകയായിരുന്നു ഈ കവി. മധുസുദനൻനായർ അനുകരിക്കപ്പെട്ടതിനു കണക്കില്ല. അനുകർത്താക്കൾ വിസ്മൃതരായെങ്കിലും മധുസൂദനൻ നായരുടെ കാവ്യസരസ്വതി തുടരുകതന്നെ ചെയ്തു. ആധുനികതയുടെ കവിയരങ്ങുകൾ നിരന്തരാവർത്തനവും ഏകതാനതയുംകൊണ്ടു മുഷിഞ്ഞ് വിരസമായപ്പോൾ ശ്രുതിമാധുര്യത്തിന്റെ പകരംവയ്ക്കൽ നടത്തുകയായിരുന്നു ഈ കവി. നമ്മുടെ കാവ്യപാരമ്പര്യത്തിൽ സജീവമായിരുന്ന ആലാപനതീവ്രതയുടെ വീണ്ടെടുക്കൽ. പൈതൃകവുമായുള്ള ഈ ഗാഢബന്ധം കാവ്യപ്രമേയങ്ങളിൽ മാത്രമല്ല കാവ്യപരിചരണത്തിലും മധുസൂദനൻ നായരുടെ കവിതയിൽ നിറഞ്ഞുനില്ക്കുന്നു. ഛന്ദസ്സിനെ ആവേശപൂർവം പുണർന്നുകൊണ്ട് പൈതൃകത്തെ അദ്ദേഹം ഓരോ കവിതയിലും പുനരാനയിക്കുന്നു. എന്നാൽ ഛന്ദസ്സിനുവേണ്ടി ഛന്ദസ്സുണ്ടാക്കി അനർത്ഥം നിറച്ച പാരമ്പര്യത്തിന്റെ വീണ്ടെടുപ്പോ അതിലേക്കുള്ള തിരിച്ചുപോക്കോ അല്ല അത്. ഈ കവിതകളുടെ മൊത്തം ഭാവഘടനയുടെ വാസ്തുശില്പമാണ് ഛന്ദസ്സ്. ഭാവാനുഗുണമല്ലാത്ത ഒരു വാക്കുപോലുമെഴുതാതെ സൂക്ഷ്മമായി കൊരുത്തെടുത്ത ബിംബങ്ങൾകൊണ്ടു നിർമിച്ച ഈ വാങ്മയങ്ങൾ പൈതൃകവുമായുള്ള ജൈവബന്ധത്തിൽ നിന്നുദിച്ച വിവേകമാണ്. കുഞ്ചൻ നമ്പ്യാരെക്കുറിച്ച് എഴുതുന്നതിൽ ഈ കവിയുടെ കാവ്യദർശനമുണ്ട്:

അറിയാതെയറിയാതെ പകരുന്നു ഞാൻ - താള-
നിറയിൽ പ്രപഞ്ചകഥയുഴിയുന്നു ഞാൻ
പുരുഷസൂക്തത്തിന്റെ സത്യം മറയ്ക്കുന്ന
കനകപാത്രത്തിനെച്ചീന്തി മാറ്റുന്നു ഞാൻ
പറയനായ് വേലനായ് ശീതങ്കനായ് മാറി
വിറയാർന്നു തന്നകം തുള്ളിയുറയുന്നു ഞാൻ

ഈ അകംതുള്ളലിലൂടെ പൈതൃകപ്പെരുമയെ മാത്രമല്ല അതിന്റെ ദുരന്വയങ്ങളെയും വർത്തമാനകാലാസുരതകളെയും വലിച്ചുപുറത്തേക്കിട്ട് മഹാവിശ്വമണ്ഡലമിഴാവിലെ താളമുയർത്താനാണ് ഈ കവിയുടെ ശ്രമം. ഒരു പ്രസ്ഥാനത്തിന്റെയും അമരത്തോ അണിയത്തോ ആൾക്കൂട്ടമധ്യത്തിലോ ഇടംപിടിക്കാതെ ഒറ്റയ്ക്കു നിന്നുകൊണ്ടാണ് മധുസുദനൻ നായർ കവിതയുടെ ഛന്ദോശില്പം തീർക്കുന്നത്, കാവ്യാസ്വാദകരുടെ ഹൃദയത്തിൽ സഞ്ചരിക്കുന്നത്.

**പി. കെ. രാജശേഖരൻ**



## കവിതകൾ


| | |
|---|---|
| അമ്മയുടെ എഴുത്തുകൾ | 15 |
| ഏതമ്മേ, സംശയം കൃഷ്ണ | 21 |
| ഗാന്ധി | 29 |
| എച്ചിൽ | 37 |
| കനൽമൊഴികൾ | 47 |
| വിലമംഗലം | 57 |
| വെറുതെയാണെന്റെ അസ്വാസ്ഥ്യം | 61 |
| സീതാദുഃഖം | 67 |
| കള്ളനെക്കാത്ത് | 71 |
| കയ്പു കൂടിയ കാഞ്ഞിരം | 75 |
| മരുഭൂമിയിലെ കിണർ | 81 |
| ഓണക്കിനാവ് | 85 |
| നിന്നെ ഞാനറിയുന്നു | 91 |
| അനുജൻ | 95 |
| കണ്ണു തുറന്നൊന്നു കാൺകയേ വേണ്ടു ഞാൻ | 101 |
| ഭൂമി, ദേവഭൂമി | 105 |
| സ്വന്തം പൂവുകൾ | 109 |
| എന്തെന്റെ മാവേലീ...! | 117 |
| പുത്രന്റെ അവകാശം | 121 |
| മൂന്നു വിഷുമുഖങ്ങൾ | 125 |
| വരുന്ന നൂറ്റാണ്ടിലെ പ്രണയഗീതം | 129 |
| അടരുവാൻ വയ്യ | 135 |
| പല്ലിന്റെ ശൗര്യം | 139 |
| വേടന്റെ ആത്മഗതം | 143 |
| പൊങ്കാല | 151 |